പ്രകാരം 9103/-രൂപ ബോർഡിൽ അടയ്ക്കുകയും ചെയ്തതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 26.2.1999-ൽ കൊട്ടാരക്കര ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള കൊട്ടാരക്കര മേജർ സെക്ഷനിൽനിന്നും നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഉപയോഗശൂന്യമായ ആർ.ബി.സി. പോസ്റ്റ്, ആർ. എസ്. ജോയിന്റ്, ഇരുമ്പ് സ്ക്രാപ്പ്, വെതർപ്രൂഫ് സ്ക്രാപ്പ്, ഫ്യൂസായ ട്യൂബുകൾ, കേടായ ചോക്കുകൾ എന്നീ സാധനങ്ങൾ വാങ്ങിക്കൊണ്ടുപോയിട്ടുണ്ട്. 20.2.1999-ൽ ഒരു സാധനവും വാങ്ങിക്കൊണ്ട് പോയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ സാധനങ്ങൾ കൊണ്ടുപോകുന്നതിന് 20.2.1999-ന് മുമ്പ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ക്വട്ടേഷൻ വിളിച്ച് ശ്രീ. അബ്ദുൽ സമദ് എന്ന ആളിന് ഓർഡർ നൽകിയിരുന്നു.

(സി) അബ്ദുൽ സമദ്, പുത്തൻപുര പടീറ്റയിൽ, കെ.എസ്.പുരം, കരുനാഗപ്പള്ളി. മേൽപ്പറഞ്ഞ സാധനങ്ങൾക്കുവേണ്ടി 26.2.1999-ൽ 10,187/-രൂപ ബോർഡിൽ അടച്ചിട്ടുണ്ട്. രസീത് അംഗീകരിച്ച കോൺട്രാക്ടറുടെ പേരിലാണ് നൽകിയിട്ടുള്ളത്.

(ഡി) പരാതിയെക്കുറിച്ച് കൊട്ടാരക്കര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രാഥമികാന്വേഷണം നടത്തിയിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തുന്നതിനായി ബോർഡിന്റെ വിജിലൻസിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

161 (1705) കൊടുമണ്ണിൽ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോന്നി നിയോജകമണ്ഡലത്തിലെ കൊടുമണ്ണിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ഉപഭോക്താക്കൾ വളരെയധികമായതും ഈ ഭാഗത്തെ വൈദ്യുതി ഉപഭോക്താക്കൾ വിവിധ ആവശ്യങ്ങൾക്കായി വൈദ്യുതി ഓഫീസുമായി ബന്ധപ്പെടുവാൻ ബുദ്ധിമുട്ടുന്നതും കണക്കിലെടുത്ത് കൊടുമൺ പഞ്ചായത്തിൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ പുതിയ പവർ പോളിസി നടപ്പിലാക്കിക്കഴിയുന്ന മുറയ്ക്ക് പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly